ഉത്തരം

(എ) ഉണ്ട്.

(ബി) പാങ്ങപ്പാറ വില്ലേജിൽ കരിയം ദേശത്ത് കരിയംദേവീ ക്ഷേത്രത്തിനു സമീപം താഴെ കരിയത്ത് വീട്ടിൽ രാജു മകൻ 17 വയസ്സുള്ള ഷിജു, കുടപ്പനക്കുന്ന് വില്ലേജിൽ പാതിരപ്പള്ളി മുക്കോല എസ്. എൻ. റസിഡൻഷ്യൽ അസോസിയേഷൻ 4/14 പുളിമൂട് വീട്ടിൽ സുധാകരൻ മകൻ 18 വയസ്സുള്ള വിനോദ്.

(സി) കുടപ്പനക്കുന്ന് വില്ലേജിൽ വഴയില വാർഡിൽ കെ. പി./194-ൽ രവിയുടെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ഗോപാലപിള്ള മകൻ രമേശ് 21 വയസ്സ്, ടി വില്ലേജിൽ തെക്കേവീട് വാർഡിൽ അമ്പഴംകോട് കെ. പി. 5/680 പുതുച്ചിയിൽ പുത്തൻവീട്ടിൽ രാജ്കുമാർ മകൻ 19 വയസ്സുള്ള രാജേഷ്.

(ഡി) ഇല്ല.

(ഇ) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 8/2001 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(എഫ്) ഇല്ല.

കണ്ണൂരിലെ ബോംബ് സ്ഫോടനങ്ങൾ

74 (1008) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ബോംബ് നിർമ്മിക്കുന്ന അവസരത്തിലോ സ്ഫോടക വസ്തുക്കൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന്റെ പേരിലോ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ കേസ്സുകൾ രജിസ്റ്റർ ചെയ്തത് ;

(സി) ഈ സംഭവങ്ങളിൽ എത്ര പേർ മരണപ്പെട്ടുവെന്നും മരിച്ചവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെടുന്നവരാണെന്നും അറിയിക്കുമോ ;

(ഡി) കുടിയാൻമല പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഇപ്രകാരം സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ച് ആരെങ്കിലും മരണപ്പെട്ടോ ; മരണപ്പെട്ടെങ്കിൽ ആരെല്ലാം ;

(ഇ) ഇപ്രകാരം കുടിയാൻമലയിൽ സ്ഫോടനം ഉണ്ടായത് ആരുടെ വീട്ടിൽ വച്ചാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തോ ; ചെയ്തെങ്കിൽ ഏതെല്ലാം വകുപ്പനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും. പ്രതികൾ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(ജി) നടുവിൽ പഞ്ചായത്ത് ഓഫീസ് പരിസരത്തോ ആ ഭാഗത്തുനിന്നോ സ്ഫോടക വസ്തുക്കൾ കണ്ടെടുത്തിട്ടുണ്ടോ ;

(എച്ച്) കണ്ടെടുത്തുവെങ്കിൽ അത് എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 8 കേസ്സുകൾ

(ബി) കുടിയാൻമല പി. എസ് കുറ്റ നമ്പർ 3/01/ യു/എസ് 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റാൻസ് ആക്ട്, പാനൂർ പി. എസ് കുറ്റ നമ്പർ 275/01/ യു/എസ് 143, 147, 148, 307 ആർ/ഡബ്ല്യൂ 149 ഐ. പി. സി. ആന്റ് സെക്ഷൻ 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റാൻസ് ആക്ട്, പാനൂർ പി. എസ്. കുറ്റ നമ്പർ 3/01 യു/എസ് 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് ആൾട്ടേർഡ് ഇൻറ്റു സെക്ഷൻ 304 ഐ.പി.സി. തലശ്ശേരി പി.എസ്. കുറ്റ നം. 616/2000 യു./എസ് 286. ഐ. പി. സി. ആന്റ് സെക്ഷൻ 3 ആന്റ് 5 ഓഫ് ഇ. എസ്. ആക്ട്, തലശ്ശേരി പി. എസ്. കുറ്റ നം. 35/01 യു/ എസ് 286. ഐ. പി. സി. ധർമ്മടം പി.എസ്. കുറ്റ. നം. 190/00 യു/എസ് 3 ആന്റ് 5 ഓഫ് ഇ. എസ്. ആക്ട്, കേളകം പി. എസ്. കുറ്റ നം. 12/01. യു/എസ്. 3 ആന്റ് 5 ഓഫ് ഇ. എസ്. ആക്ട് ആന്റ് 174 ബി. ആർ. പി. സി., കേളകം പി. എസ്. കുറ്റ നം. 184/00 യു/എസ് 3 ആന്റ് 5 ഓഫ് ഇ. എസ്. ആക്ട് എന്നീ കേസുകളാണ് രജിസ്റ്റർ ചെയ്തത്.

(സി&ഡി) 4 പേർ മരണപ്പെട്ടു. കുടിയാൻമല പി.എസ്. കുറ്റ നം.3/01-സതീശൻ, പ്രകാശൻ എന്നീ രണ്ട് സി. പി. എം. പ്രവർത്തകർ മരണപ്പെട്ടു. പാനൂർ പി. എസ്. കുറ്റം നം. 3/01-പ്രശാന്ത് എന്ന ബി. ജെ. പി. പ്രവർത്തകൻ മരണപ്പെട്ടു. കേളകം പി.എസ്. കുറ്റം നം. 12/01 - മരണപ്പെട്ട ബാബു എന്ന ആൾക്ക് രാഷ്ട്രീയ ബന്ധമില്ല.

(ഇ&എഫ്) കെ. എം. ജോസഫ് എന്നയാളുടെ തറവാട് വീട്ടിൽ വച്ച്. കുടിയാൻമല പി. എസ്. കുറ്റ നം. 3/01 യു/എസ് 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരുകയാണ്. അന്വേഷണം പൂർത്തിയായാലെ വിശദ വിവരം വ്യക്തമാവൂ.

(ജി&എച്ച്) ഉണ്ട്. കുടിയാൻമല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിലാണ്. കേസ് അന്വേഷണത്തിലായതിനാൽ വിശദ വിവരങ്ങൾ വ്യക്തമാക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly